# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4855 19/05/2017-ൽ മറുപടിയ്ക്ക്

**മദ്യ വില്പനശാലകളും മദ്യ നയവും**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല<br>,, എൻ.ഷംസുദ്ദീൻ<br>,, പി.ഉബൈദുള്ള | | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കി നല്കാത്തതുമൂലം മദ്യ വില്പനശാലകൾ പൂട്ടേണ്ട സാഹചര്യം നിലനില്ക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അബ്കാരി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ദൂരപരിധി സംബന്ധിച്ച ബഹു സുപ്രീംകോടതി വിധിയ്ക്കും അനുസൃതമായി പ്രദേശവാസികളെ പരമാവധി വിശ്വാസത്തിലെടുത്തുകൊണ്ട് മദ്യവിൽപ്പന ശാലകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |
| (ബി) ജനകീയ പ്രക്ഷോഭങ്ങളും ജനങ്ങൾ പ്രകടിപ്പിക്കുന്ന എതിർപ്പുമാണ് ലൈസൻസ് നല്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ബോദ്ധ്യമായിട്ടുള്ള ജനഹിതം കൂടി മാനിച്ച് മദ്യനയം രൂപീകരിക്കുമോ? | (ബി)യും (സി) യും | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ ഒരേ അഭിപ്രായമുള്ളവരല്ല. ലൈസൻസ് നൽകുന്ന കാര്യത്തിൽ വ്യത്യസ്ത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിന് പൊതുവിൽ ഗുണകരമാവുന്ന നിലപാടുകൾക്ക് അനുസൃതമായ സമഗ്ര മദ്യനയത്തിന് രൂപം നൽകുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ